Kerala Small Industries Development Corporation Limited
(AN UNDERTAKING OF THE GOVERNMENT OF KERALA)
**Reg. office:** Housing Board Building, 6th Floor, Santhinagar, Thiruvananthapuram-01
CIN No. U65929KL1975SGC002736 Website: www.keralasidco.com
**Raw Material Division,** SIDCO Building, Gandhinagar, Kadavanthra Kochi-682020
E-mail: sidcogm@gmail.com, sidcormho@gmail.com, GST No: 32AAACK9435C5ZS
Tel. No: 0484-2204297/5536/5651/5773/5835, 0471 2330818/613/614/909 (H.O)
KERALA SIDCO LTD
SIDCO

RMD(2)/Estt/SG/Genl/2021-22

02/07/2025

## ആർ എം ഡിവിഷൻ ഹെഡിനുള്ള സമർപ്പണം

വിഷയം:- ആർ എം റീജിയണൽ ഓഫീസ് - താത്ക്കാലിക സെക്യൂരിറ്റി ഗാർഡ് നിയമനം സംബന്ധിച്ച്:-

സൂചന :- 1 ) അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 15/04/2025 ലെ 1514/PER(2)/SIDCO/2023-24 നമ്പർ കുറിപ്പ്
2) 02/ 07/ 2025 ലെ RMD(2)/Estt/SG/GI/2021-22 നമ്പർ കൊട്ടേഷൻ നോട്ടിസ്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന ഒന്ന് പ്രകാരം ഈ ഓഫീസിൽ സെക്യൂരിറ്റി ഏജൻസി മുഖേനെ സെക്യൂരിറ്റി ജീവനക്കാരനെ താത്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു. ടിയാന്റെ കാലാവധി 13/ 07/ 2025 ന് അവസാനിക്കുകയാണ്. ഈ ഓഫീസിൽ ബിറ്റുമിൻ, വാക്സ് എന്നീ അസംസ്കൃത വസ്തുക്കൾ ഇറക്കി വില്പന നടത്തുന്നതിനാൽ സെക്യൂരിറ്റി ഗാർഡിന്റെ സേവനം അത്യാവശ്യമാണ്. ആയതിനാൽ തുടർന്നും സെക്യൂരിറ്റി ഏജൻസി മുഖേനെ സെക്യൂരിറ്റി ഗാർഡിനെ നിയമിക്കുന്നതിന് അങ്ങയുടെ നിർദ്ദേശപ്രകാരം സൂചന രണ്ട് ലെ കൊട്ടേഷൻ ക്ഷണിക്കുകയുണ്ടായി. 09.07.2025 2.00 PM വരെയാണ് കൊട്ടേഷൻ സമർപ്പിക്കുവാനുള്ള സമയം പറഞ്ഞിരിക്കുന്നത്. ആയത് അങ്ങയുടെ അനുമതിക്കായി സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

GINESH. T.B.
REGIONAL MANAGER
KERALA SIDCO LTD.
RAW MATERIAL DIVISION

ഉള്ളടക്കം
കൊട്ടേഷൻ നോട്ടീസിൻറെ പകർപ്പ്

Kerala Small Industries Development Corporation Limited
**(AN UNDERTAKING OF THE GOVERNMENT OF KERALA)**
**Reg. office**: Housing Board Building, 6th Floor, Santhinagar, Thiruvananthapuram-01,
Tel No: 0471 2330818/613/614/909 Website: www.keralasidco.com, CIN No. U65929KL1975SGC00

**Raw Material Division,** 1st Floor, SIDCO Building, Gandhinagar, Kadavanthra Kochi-20,
Phone: 0484 2205077/5536/5835/5773 E-mail: sidcogm@gmail.com, GST No: 32AAACK9435C5ZS

RMD(2)/ESTT/SG/GL/2021-22

02.07.2025

## കൊട്ടേഷൻ നോട്ടീസ്

വിഷയം: സിഡ്കോ ആർ എം ഡിവിഷൻ റീജിയണൽ ഓഫീസ്, എറണാകുളം- സെക്യൂരിറ്റി ഏജൻസി മുഖേന സെക്യൂരിറ്റി ഗാർഡിനെ താൽക്കാലികമായി നിയമിക്കുന്നത്- സംബന്ധിച്ച്.

സിഡ്കോ ആർ എം ഡിവിഷന് കീഴിലുള്ള എറണാകുളം ആർ എം റീജിയണൽ ഓഫീസിൽ സെക്യൂരിറ്റി ഗാർഡിനെ താൽക്കാലികമായി നിയമിക്കുന്നതിന് സെക്യൂരിറ്റി ഏജൻസികളിൽ നിന്നും മത്സര സ്വഭാവമുള്ള കൊട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. 8 മണിക്കൂർ ഡ്യൂട്ടിക്ക് നൽകേണ്ട വേതന നിരക്കും അപ്രകാരം ഒരു മാസം നൽകേണ്ട നിരക്കും (ടാക്സ് ഒഴിവാക്കിക്കൊണ്ട്) പ്രത്യേകം പ്രത്യേകം കാണിക്കേണ്ടതാണ്.

കൊട്ടേഷനുകൾ സമർപ്പിക്കുന്ന സ്ഥാപനങ്ങൾ/ ഏജൻസികൾ എന്നിവരിൽ നിന്നും ഏറ്റവും കുറഞ്ഞ നിരക്ക് കോട്ട് ചെയ്യുന്ന സ്ഥാപനത്തിന് പ്രസ്തുത പ്രവർത്തികൾ ചെയ്യുന്നതിന് നിബന്ധനകൾക്ക് വിധേയമായി വർക്ക് ഓർഡർ നൽകുന്നതാണ്. താൽപര്യമുള്ള സ്ഥാപനങ്ങൾ കൊട്ടേഷനുകൾ 09.07..2025-ന് 2.00 PM ന് മുൻപായി എറണാകുളത്ത് കടവന്ത്രയിലുള്ള സിഡ്കോയുടെ ആർ എം റീജിയണൽ ഓഫീസിൽ സമർപ്പിക്കേണ്ടതും ആയത് ആ സമയത്ത് ഈ ഓഫീസിൽ സന്നിഹിതരായിരിക്കുന്നവരുടെ സാന്നിധ്യത്തിൽ കൊട്ടേഷനുകൾ തുറക്കുന്നതും അതിൻറെ അടിസ്ഥാനത്തിൽ അന്തിമ തീരുമാനം എടുക്കുന്നതുമായിരിക്കും.

വർക്ക് ഓർഡർ ലഭിക്കുന്ന സ്ഥാപനം, ടി ജോലി കാര്യക്ഷമമായി നിർവ്വഹിക്കുന്നതുമായി ബന്ധപ്പെട്ട് വർക്ക് ഓർഡർ ലഭിച്ച് മൂന്ന് ദിവസത്തിനകം ഈ ഓഫീസുമായി ബന്ധപ്പെടേണ്ടതും കൃത്യനിഷ്ഠയോടും കാര്യക്ഷമമായും ജോലി ചെയ്യുന്ന സെക്യൂരിറ്റി ജീവനക്കാരെ ഈ കാര്യാലയത്തിൽ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. നിബന്ധനകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

GINESH. T.B.
REGIONAL MANAGER
KERALA SIDCO LTD.
RAW MATERIAL DIVISION

നിബന്ധനകൾ

1 രാത്രികാലങ്ങളിലും അവധി ദിവസങ്ങളിലും സെക്യൂരിറ്റി ഗാർഡിനെ നിർബന്ധമായും വീഴ്ച ഇല്ലാതെ ഏർപ്പാടാക്കേണ്ടതാണ്.

2 സെക്യൂരിറ്റി ഗാർഡായി നിയമിക്കപ്പെടുന്ന ആൾ 55 വയസ്സിൽ താഴെയുള്ളതും ശാരീരികക്ഷമതയുള്ളതും ആയിരിക്കണം.

3 ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ വൈകുന്നേരം അഞ്ചു മണി മുതൽ രാവിലെ ഒൻപത് മണി വരെയും അവധി ദിവസങ്ങളിൽ മുഴുവൻ സമയവും ഡ്യൂട്ടിക്ക് സെക്യൂരിറ്റിയെ ചുമതലപ്പെടുത്തേണ്ടതാണ്.

4 സെക്യൂരിറ്റിയുടെ പ്രവർത്തി സമയത്ത് ഓഫീസിൽ എന്തെങ്കിലും നാശനഷ്ടങ്ങൾ സംഭവിച്ചാൽ ആയതിന് ആവശ്യമായ നഷ്ടപരിഹാരം താങ്കളുടെ (ഏജൻസിയുടെ ) സ്ഥാപനത്തിൽ നിന്നും ഈടാക്കുന്നതാണ്.

5 ഓഫീസ് പരിസരങ്ങളിലേക്ക് അപരിചിതരോ മറ്റു സാമൂഹ്യ വിരുദ്ധരോ പ്രവേശിക്കാതിരിക്കാൻ സെക്യൂരിറ്റി ഗാർഡ് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

6 ഡ്യൂട്ടി സമയത്ത് സെക്യൂരിറ്റി ഗാർഡ് മദ്യപാനമോ മറ്റു ലഹരി വസ്തുക്കളോ ഉപയോഗിക്കുവാൻ പാടില്ലാത്തതും ടിയാൻ അത്തരത്തിൽ ഏതെങ്കിലും ദുർവ്യത്തികളിൽ ഏർപ്പെടുന്നതായി വിവരം ലഭിക്കുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ താങ്കളുടെ (ഏജൻസിയുടെ) സ്ഥാപനത്തിന്റെ വർക്ക് ഓർഡർ ക്യാൻസൽ ചെയ്യുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കുന്നതിനുള്ള അധികാരം കേരളാ സിഡ്കോയിൽ നിക്ഷിപ്തമായിരിക്കും.

7 അത്യാവശ്യഘട്ടങ്ങളിൽ സിഡ്കോ ഉദ്യോഗസ്ഥർ പറയുന്ന ഓഫീസ് ചുമതലകൾ സെക്യൂരിറ്റി ഗാർഡ് നിർവഹിക്കേണ്ടതാണ്.

8 ഡ്യൂട്ടി സമയത്ത് സെക്യൂരിറ്റി ഗാർഡ് നിർബന്ധമായും യൂണിഫോം ധരിക്കേണ്ടതാണ്.

9 സെക്യൂരിറ്റി ഗാർഡിന് ESI, EPF പരിരക്ഷ തുടങ്ങിയവ താങ്കളുടെ (ഏജൻസിയുടെ) സ്ഥാപനത്തിൻറെ ഉത്തരവാദിത്വമാണ്.

10 സെക്യൂരിറ്റി ഏജൻസിക്കുള്ള ലൈസൻസ്, മറ്റു സ്റ്റാറ്റ്യൂട്ടറി റെജിസ്ട്രേഷൻ/ സെർട്ടിഫിക്കേഷൻ എന്നിവ താങ്കളുടെ (ഏജൻസിയുടെ ) സ്ഥാപനത്തിൻറെ ഉത്തരവാദിത്വം ആയിരിക്കും.

പകർപ്പ് സമർപ്പണം :-
ഹെഡ്, ആർ എം ഡിവിഷൻ, മാനേജർ അക്കൗണ്ട്സ് (i/c), ആർ എം ഡിവിഷൻ

GINESH. T.B.
REGIONAL MANAGER
KERALA SIDCO LTD.
RAW MATERIAL DIVISION